## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

( ഹാജർ: ഹരിത വി കുമാർ ഐഎഎസ് )

വിഷയം:- വനിത ശിശുവികസന വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് കെട്ടിടം നിർമ്മിക്കുന്നതിന് നൽകിയ അനുമതി റദ്ദ് ചെയ്യും പകരം പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ അങ്കണവാടികൾക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്:-

പരാമർശം:-

1. സാമൂഹ്യനീതി ഡയറക്ടറുടെ 30-3-2017 തീയതിയിലെ ICDS/A7-16237/15 നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 02.12.2023 ലെ DWCD/355/2022-ICDS A7 നമ്പർ ഉത്തരവ്
3. ഈ കാര്യാലയത്തിലെ 05.01.2023 ലെ DWCD/323/2022-ICDS A7 നമ്പർ ഉത്തരവ്
4. പാലക്കാട് പ്രോഗ്രാം ഓഫീസറുടെ 06.05.2025 ലെ ബി 661/25 നമ്പർ കത്ത്.
5. പത്തനംതിട്ട പ്രോഗ്രാം ഓഫീസറുടെ 19.06.2025 ലെ C2-665/24 നമ്പർ കത്ത്
6. കോട്ടയം പ്രോഗ്രാം ഓഫീസറുടെ 01.08.2025 ലെ പിഒകെ/ബി/2215/25 നമ്പർ കത്ത്.

<u>ഉത്തരവ് നമ്പർ: DWCD/1999/2023-ICDSA7 തീയതി: 31-08-2025</u>

വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം കേന്ദ്രഗവൺമെന്റ് അനുമതി നൽകുകയും, ആദ്യ ഘട്ടമായി സംസ്ഥാന സർക്കാർ 720 അങ്കണവാടി കെട്ടിടങ്ങളുടെ തുകയായ 14.40 കോടി രൂപ അനുവദിക്കുകയുമുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS വിഹിതവും 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. ആയത് പ്രകാരം ആദ്യഘട്ടത്തിൽ അനുവദിച്ച 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പ് വിഹിതമായി 2 ലക്ഷം രൂപ നിരക്കിലുള്ള 14.40 കോടി രൂപ MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൗണ്ട് നം 799011400000486 ലേക്ക് നിക്ഷേപിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി വിവിധ ഘട്ടങ്ങളായി നൽകിയിട്ടുണ്ട്.

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (2), (3) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർമ്മാണാനുമതി നൽകിയിട്ടുള്ളതിൽ 2 അങ്കണവാടികൾക്ക് നിർമ്മാണം സാധ്യമാകാത്തതിനാൽ പരാമർശം (4),(5) പ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടും, സ്ഥലം ലഭ്യമായിട്ടുള്ള 2 അങ്കണവാടികൾക്ക് പരാമർശം (6) പ്രകാരം നിർമ്മാണാനുമതി ആവശ്യപ്പെട്ടും വിവിധ ജില്ലകളിലെ പ്രോഗ്രാം ഓഫീസർമാർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ ചുവടെ പട്ടിക പ്രകാരം 2 അങ്കണവാടികളുടെ നിർമ്മാണാനുമതി റദ്ദ് ചെയ്തും പകരം 2 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകിയും ഉത്തരവാകുന്നു.

| ക്രമ നം | കെട്ടിട നിർമ്മാണാനുമതി റദ്ദ് ചെയ്യുന്ന അങ്കണവാടി | | | | പകരം കെട്ടിട നിർമ്മാണാനുമതി നൽകുന്ന അങ്കണവാടി | | | |
|---|---|---|---|---|---|---|---|---|
| | ജില്ല | പ്രോജക്റ്റ് | പഞ്ചായത്ത് | AW സംഖ്യ നം | ജില്ല | പ്രോജക്റ്റ് | പഞ്ചായത്ത് | AW സെ.നം |
| 1 | പാലക്കാട് | ഒറ്റപ്പാലം അഡീഷണൽ | നെല്ലായ | 146 | കോട്ടയം | കാഞ്ഞിരപ്പള്ളി | എരുമേലി | 80 |
| 2 | പത്തനംതിട്ട | പറക്കോട് | ഏഴംകുളം | 21 | കോട്ടയം | കാഞ്ഞിരപ്പള്ളി | എരുമേലി | 85 |

അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ MGNREGS മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട സിഡിപിഒമാർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

പരാമർശം (2) (3) പ്രകാരമുള്ള ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

മിഷൻ ഡയറക്ടർ
MGNREGS
തിരുവനന്തപുരം

(ഒപ്പ്/-)

**വനിത ശിശുവികസന ഡയറക്ടർ**

പകർപ്പ്: 1. പ്രോഗ്രാം ഓഫീസർ (പാലക്കാട്,പത്തനംതിട്ട,കോട്ടയം)

2.ബന്ധപെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്

3.സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
A R Rahul
Date: 02-09-2025 10:37:

സൂപ്രണ്ട്